# ദൈവത്തോട് കൂടെ നടക്കുക

## ഉൽപത്തി 5:24

**"ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി."**

ദൈവസന്നിധിയിൽ വിശ്വസ്തനായി 365 വർഷം ജീവിച്ച ഒരു പ്രവാചകനായിരുന്നു ഹാനോക്. അതുകൊണ്ട് തന്നെ ദൈവം അവനെ സ്വർഗ്ഗത്തിലേക്ക് എടുത്തു എന്നു നാം വായിക്കുന്നു. എന്തു കൊണ്ടാണ് ഹാനോക് ദൈവത്തോട് ഇത്രമാത്രം പറ്റിച്ചേർന്നു ജീവിച്ചതു എന്നു നാം ചിന്തിക്കുമ്പോൾ വചനം പറയുന്നു "മെഥുശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക് മുന്നൂറു സംവത്സരം ദൈവത്തോടു കൂടെ നടന്നു" (ഉൽപത്തി 5:22). ഹനോക്കിനു 65 വയസ്സായപ്പോഴാണ് മെഥുശലഹ് ജനിക്കുന്നത്. മെഥുശലഹ് എന്ന വാക്കിന്റെ അർഥം "ഇവൻ മരിക്കുമ്പോൾ പ്രളയം വരും" എന്നാണ്. 65 വയസ്സിന്നു ശേഷം ജനിച്ച മെഥുശലഹാണ് ഹാനോക്കിനെ ദൈവത്തോട് ചേർന്നു ജീവിക്കാൻ പ്രേരിപ്പിച്ചത് എന്നു നമുക്ക് കാണാം. മെഥുശലഹിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഒരു പ്രയാസം വരുമ്പോൾ ഹാനോക്ക് ഭയക്കും കാരണം മെഥുശലഹിന് മരണം സംഭവിച്ചാൽ പ്രളയം വരും. ഈ ഒരു ചിന്ത എപ്പോഴും അവനെ ദൈവത്തോട് അടുപ്പിച്ച് നിർത്തി വിശ്വസ്തനായി ജീവിച്ച് സാക്ഷ്യം പ്രാപിച്ചു, ഉടലോടെ സ്വർഗ്ഗത്തിൽ എത്തി.

ഇന്നു നമ്മുടെ ജീവിതത്തിലും ഇതുപോലെ എന്തെങ്കിലും ഭാരങ്ങളും സങ്കടങ്ങളും ദൈവം അനുവദിച്ചിട്ടുണ്ടെങ്കിൽ മറ്റൊരു ഹാനോക്കായി സ്വർഗ്ഗത്തിൽ എത്താനുള്ള ഒരു സാധ്യത നമ്മിലും ഉണ്ട്. പക്ഷെ വിശ്വസ്തരായി ദൈവത്തോട് പറ്റിച്ചേർന്ന് ജീവിക്കണം. അവന്റെ മുഖത്തേക്ക് മാത്രം നോക്കി നടക്കണം. പരാതിയും പരിഭവവും കുറ്റപ്പെടുത്തലും എല്ലാം മാറ്റിവെച്ച് പ്രതിസന്ധികളിൽ ദൈവത്തോട് ചേർന്നു നടക്കാൻ ശ്രമിക്കണം. അപ്പോൾ നമ്മുടെ ജീവിതത്തിന്റെ "മെഥുശലഹ്" ആയിരിക്കുന്ന അനുഭവങ്ങൾ നമ്മെയും ദൈവസന്നിധിയിലേക്ക് അടുപ്പിക്കും. അതു കൊണ്ട് കാലങ്ങാളായിട്ടും മാറാത്ത പ്രശ്നങ്ങൾ, ഉത്തരം കിട്ടാത്ത പ്രാർഥനകൾ ഒക്കെ ദൈവം അനുവദിച്ചു തന്ന സഹനങ്ങളായി ഏറ്റെടുത്ത് വിശുദ്ധിയിൽ ജീവിക്കാൻ ശ്രമിക്കുമ്പോൾ അത് നമുക്ക് നിത്യതയിലേക്കുള്ള ചവിട്ടുപടികളായി തീരും. ഒരു സഹനങ്ങളും നമ്മെ തകർക്കാനല്ല എന്നും അതു നമ്മുടെ ജീവിതത്തിന്റെ സന്തോഷം കെടുത്തിക്കളയില്ല എന്നും നാം അറിയണം. ദൈവത്തോട് ചേർന്ന് നടക്കുമ്പോൾ നാമും ദൈവത്തിന്

പ്രിയപ്പെട്ടവരായി മാറുന്നു. ഓരോ സഹനങ്ങളും നമ്മെ ദൈവകൃപയിൽ വളരാൻ സഹായിക്കുന്നു. അതിനായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

പരാമർശം :

മീഖാ 6:8

മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതൽപരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു?

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 060